LIBRARY ARCHIVES Kerala Legislative Assembly

കണ്ണൻദേവൻ ഹിൽസ് പ്രൊഡ്യൂസസ് കമ്പനിയുടെ മൂന്നാറിലെ ഭൂമി

213 (1296) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൻദേവൻ ഹിൽസ് പ്രൊഡ്യൂസസ് കമ്പനി മൂന്നാറിലെ ഭൂമി കൈവശപ്പെടുത്തിയതാണ് എപ്പോഴാണ് ; ഈ കൈമാറ്റത്തിന് നിയമസാധുതയുണ്ടോ ;

(ബി) കണ്ണൻ ദേവൻ ഹിൽസ് പ്രൊഡ്യൂസസ് കമ്പനി, ടാറ്റാ ടീ കമ്പനിയിലേക്ക് ഭൂമി പരിവർത്തനം നടത്തിയതു് ഏത് വർഷത്തിലായിരുന്നു ;

(സി) ബ്രിട്ടീഷ് നിയമ പ്രകാരം സംസ്ഥാനത്തെ ഭൂമി രജിസ്റ്റർ ചെയ്യാവുന്നതാണോ ; പ്രസ്തുത രജിസ്ട്രേഷൻ നടന്നത് ഏതു തീയതിയിലാണ് ; സ്റ്റാമ്പ് ഡ്യൂട്ടി നിയമത്തിന്റെ ലംഘനം ഉണ്ടായിട്ടുണ്ടോ ;

(ഡി) പാട്ടവ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് കണ്ണൻ ദേവൻ കമ്പനി എത്ര ഏക്കർ ഭൂമിയാണ് കൈവശപ്പെടുത്തിയിരിക്കുന്നത്; കണ്ണൻ ദേവൻ കമ്പനിയുടെ കൈവശം മൂന്നാറിൽ ഇപ്പോൾ എത്ര ഏക്കർ ഭൂമിയുണ്ട് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1895-ൽ. കൈമാറ്റത്തിന്റെ നിയമ സാധുത സംബന്ധിച്ച കേസ് ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ബി) 1976-ൽ.

(സി) ബ്രിട്ടീഷ് നിയമപ്രകാരം സംസ്ഥാനത്തെ ഭൂമി രജിസ്റ്റർ ചെയ്യാവുന്നതല്ല. ടി രജിസ്ട്രേഷൻ നടന്നത് 1976-ലാണ്. സ്റ്റാമ്പ് ഡ്യൂട്ടി നിയമലംഘനം ഉൾപ്പെടെയുള്ള വിഷയങ്ങൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്.

(ഡി) കെ.ഡി.എച്ച്. വില്ലേജിൽ നടന്നിട്ടുള്ള ഒന്നിലധികം റീസർവ്വേയുടെ ഫലം അന്തിമമായി പ്രസിദ്ധം ചെയ്തിട്ടില്ലാത്തതിനാൽ പാട്ടവ്യവസ്ഥകൾ ലംഘിച്ചു കൊണ്ട് കണ്ണൻദേവൻ കമ്പനി/ടാറ്റാ ടീ കമ്പനി അധികം ഭൂമി കൈവശപ്പെടുത്തിയിട്ടുണ്ടോ/നിലവിൽ എത്ര ഭൂമി കൈവശം വച്ചുവരുന്നു എന്നിവ അന്തിമമായി തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല

ഭൂരഹിതർക്ക് ഭൂമി

214 (1297) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിൽ കൊയിലാണ്ടി താലൂക്ക്, അവിടനല്ലൂർ വില്ലേജിലെ, റി-സർവ്വേ 33-ൽ 1 ബി., 3 ബി. എന്നിവയിൽപ്പെട്ട 3 ഏക്കർ 20 സെന്റ് ഭൂമി ഭൂരഹിതർക്ക് പതിച്ചുകൊടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത ഇനത്തിൽ അപേക്ഷകരോട് എത്ര രൂപ വിവിധ ഫീസുകളോ ചാർജ്ജുകളോ നികുതികളോ ആയി വസൂൽ ചെയ്തിട്ടുണ്ട്; ഇവർക്ക് മേൽപ്പടി ഭൂമിയുടെ പട്ടയം അനുവദിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഭൂമി അതിർത്തി നിർണ്ണയിച്ച് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ തടസ്സമെന്താണ്; ഇതുസംബന്ധിച്ച് കോടതി വ്യവഹാരം നിലവിലുണ്ടോ; തടസ്സങ്ങൾ നീക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

ഉത്തരം

(എ) കൊയിലാണ്ടി താലൂക്കിലെ അവിടനല്ലൂർ വില്ലേജിലെ റീ-സർവ്വേ 33-ൽ 1-ബി, 3-ബി എന്നിവയിൽപ്പെട്ട ഭൂമി ഭൂരഹിതർക്കായി പതിച്ച് നൽകിയിട്ടില്ല എന്നാൽ സർവ്വേ നമ്പർ 33/1A, 3-A ൽപ്പെട്ട 3.20 ഏക്കർ ഭൂമി 32 പേർക്കായി 10 സെന്റ് വീതം പതിച്ചുനൽകിയിട്ടുണ്ട്.

(ബി) പതിച്ചുനൽകിയവരിൽനിന്ന് 160 രൂപാവീതം ക്രയവില ഈടാക്കുകയും പട്ടയം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പതിച്ചു നൽകിയ ഭൂമിയുമായി ബന്ധപ്പെട്ട് കൊയിലാണ്ടി മുൻസിഫ് കോടതിയിൽ O.S.229/12-ാം നമ്പരായി കേസ് നിലവിലുണ്ട്. അതിനാൽ ബന്ധപ്പെട്ട കക്ഷികൾക്ക് ഭൂമി കൈമാറാൻ കഴിഞ്ഞിട്ടില്ല.

സ്രാഫ്സ്മാൻ ഗ്രേഡ്-1 ന്റെ ഒഴിവുകൾ

215 (1298) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രാഫ്സ്മാൻ ഗ്രേഡ് -1 ന്റെ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്താൻ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) ഹെഡ് ഡ്രാഫ്സ്മാന്റെ അനുവദനീയമായ തസ്തികകൾ എത്രയാണെന്നും പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടിയും വിശദമാക്കുമോ;

(സി) ടെക്നിക്കൽ അസിസ്റ്റന്റിന്റെ അനുവദനീയമായ തസ്തികകൾ എത്രയെന്നും എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly